## 15 -ാം കേരള നിയമസഭ

## 3 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3125** **25-10-2021 - ൽ മറുപടിയ്ക്ക്**

## ആക്കുളം ഇന്റർനാഷണൽ കൺവെൻഷൻ സെന്റർ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | **Shri P. A. Mohamed Riyas**<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം ജില്ലയിലെ ആക്കുളത്ത് ടൂറിസം വകുപ്പ് വിഭാവനം ചെയ്ത അന്താരാഷ്ട്ര കൺവെൻഷൻ സെന്റർ യാഥാർത്ഥ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | യാഥാർത്ഥ്യമായിട്ടില്ല . 13.06.2007 ൽ ഷാലെറ്റ് ഹോട്ടൽസ് & പ്രോപ്പർട്ടീസ് (കേരള) പ്രൈവറ്റ് ലിമിറ്റഡ് മായി ഓഥറൈസേഷൻ എഗ്രിമെന്റിൽ ഒപ്പിട്ടെങ്കിലും 2008 ൽ കേരള നെൽവയൽ തണ്ണീർത്തടസംരക്ഷണ ആക്ട് നിലവിൽ വരികയും അത് പ്രകാരമുള്ള അനുമതി ലഭ്യമാകാത്തതിനാൽ പദ്ധതിക്ക് കാലതാമസം ഉണ്ടായി. ആക്കുളത്ത് അക്വയർ ചെയ്യപ്പെട്ട ഭൂമിയിൽ ഇന്റർ നാഷണൽ കൺവെൻഷൻ സെന്റർ കോംപ്ലക്സ് (ഐ.സി.സി.സി) പദ്ധതിക്കായി അനുവദിക്കപ്പെട്ടതിനുപുറമെ രണ്ട് വ്യത്യസ്ത ഭാഗങ്ങളിലായി, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച് ആന്റ് ഹിയറിംഗ് (NISH) – ന് അനുവദിക്കപ്പെട്ടിരുന്ന 9.9 ഏക്കർ ഭൂമിക്ക് പകരം ഐ.സി.സി.സി പദ്ധതിയുടെ ഒരു വശത്ത് 9.9 ഏക്കർ വിസ്തൃതിയുള്ള ഒറ്റ ഭാഗമാക്കി പുനർനിശ്ചയിച്ച് 2013-2015 കാലഘട്ടത്തിൽ അനുവദിക്കുകയും ചെയ്തു. അതേസമയം പദ്ധതി പ്രദേശം 2017 ൽ റവന്യൂ വകുപ്പ് വീണ്ടും സർവ്വേനടത്തുകയും ഡ്രൈലാന്റ് വെറ്റ് ലാന്റ് എന്നിവ വേർതിരിക്കുകയും ചെയ്തു. നിർമ്മാണം നടത്താവുന്ന ഭൂമിയുടെ വിസ്തൃതിയിലുണ്ടായ കുറവ് പരിഹരിച്ച് പദ്ധതിയുടെ കൺസപ്റ്റ് മാസ്റ്റർ പ്ലാനിനും ലെഔട്ടിനും തത്വത്തിൽ അംഗീകാരം നൽകുകയും ചെയ്തു. 2008 ൽ തണ്ണീർത്തട നിയമം പ്രാബല്യത്തിൽ വരുന്നതിന് മുൻപ് ഓഥറൈസേഷൻ എഗ്രിമെന്റ് ഒപ്പിട്ട സാഹചര്യത്തിൽ അത് പ്രകാരമുള്ള 2.89 ഏക്കർ നിലം നികത്തുന്നതിനുള്ള അനുമതിക്കായി ഉള്ള അപേക്ഷ സ്റ്റേറ്റ് ലവൽ കമ്മറ്റിയുടെ പരിഗണനയ്ക്ക് അയച്ചു. തൽസ്ഥിതി തുടരുകയാണ്. |
| (ബി) | പ്രസ്തുത കൺവെൻഷൻ സെന്റർ നിർമ്മിക്കുന്നതിന് സർക്കാർ നൽകിയ സ്ഥലത്തിന്റെ വിസ്തൃതിയും | (ബി) | 46.06 ഏക്കർ ഭൂമി . 2007 ജൂൺ 13 ന് സർക്കാർ ഷാലെറ്റ് ഹോട്ടൽസ് & പ്രോപ്പർട്ടീസ് (കേരള) പ്രൈവറ്റ് ലിമിറ്റഡ് മായി ഓഥറൈസേഷൻ |

| | | | |
|---|---|---|---|
| | സ്ഥലം നൽകിയത് ആർക്കെന്നും നൽകിയ തീയതിയും അറിയിക്കാമോ; | | എഗ്രിമെന്റിൽ ഒപ്പിട്ടെങ്കിലും ഭൂമിയുടെ ലീസ് എഗ്രിമെന്റ് ഇതുവരെ ഒപ്പിട്ടിട്ടില്ല. |
| (സി) | കൺവെൻഷൻ സെന്റർ നിർമ്മിക്കുന്നതിനായി സർക്കാർ ഏർപ്പെട്ട കരാറിന്റെ കാലാവധി എന്നുവരെ ആയിരുന്നു എന്നറിയിക്കാമോ; | (സി) | ടി പദ്ധതി ജോയിന്റ് വെൻചർ പ്രകാരമാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഇതിൽ ലാൻറിന്റെ ഇക്വിറ്റി ഷെയറായ 26% ഗവൺമെന്റിനും 74% ഷാലെറ്റ് ഹോട്ടൽസ് & പ്രോപ്പർട്ടീസ് (കേരള) പ്രൈവറ്റ് ലിമിറ്റഡിനുമാണ്. പദ്ധതിയ്ക്ക് ആവശ്യമായ ലാന്റിന്റെ ലീസ് എഗ്രിമെൻറ് ടി കമ്പനിയുമായി ഒപ്പ് ഇടുന്ന തീയതിമുതൽ 90 വർഷത്തേയ്ക്കാണ് നൽകുന്നത്. |
| (ഡി) | കാലാവധിക്കുള്ളിൽ നിർമ്മാണം നടന്നിട്ടില്ലെങ്കിൽ സ്ഥലം തിരിച്ചെടുക്കുവാൻ സാധിക്കുമോ എന്നും അതിനുള്ള നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ? | (ഡി) | 46.06 ഏക്കർ ഭൂമി പദ്ധതി നടത്തിപ്പ് കമ്പനിയുമായി ഓഥറൈസേഷൻ എഗ്രിമെൻറിൽ ഒപ്പിട്ടെങ്കിലും ഭൂമിയുടെ റിലീസ് എഗ്രിമെന്റ് ഇതുവരെ ഒപ്പിട്ടിട്ടില്ല. ആയതിനാൽ നിയമപരമായി ടി ഭൂമി ഇപ്പോഴും സർക്കാരിന്റെ അധീനതയിലാണ്. |

സെക്ഷൻ ഓഫീസർ